# വിശ്വാസവും അവിശ്വാസവും

## മത്തായി 14:31

**"യേശു ഉടനെ കൈ നീട്ടി അവനെ പിടിച്ചു; അൽപവിശ്വാസിയേ നീ എന്തിനു സംശയിച്ചു എന്നു പറഞ്ഞു."**

യേശുവിന്റെ അരുമശിഷ്യനായ പത്രോസിനോട് യേശു കർത്താവ് ചോദിക്കുന്ന ഒരു ചോദ്യമാണ് നാം ഇവിടെ കണ്ടത്. പടകിൽ നിന്നിറങ്ങി വെള്ളത്തിലൂടെ നടന്ന് യേശുവിന്റെ അടുത്തേക്ക് പോകാൻ തുടങ്ങുന്ന നിമിഷത്തിൽ കാറ്റു കണ്ടു പേടിച്ച് മുങ്ങിത്തുടങ്ങുന്ന പതോസിന്റെ കയ്യിൽ പിടിച്ചു കൊണ്ടാണ് യേശു നാഥൻ ഈ ചോദ്യം ചോദിക്കുന്നത്. മറുകരയിൽ നിൽക്കുന്നത് യേശു ആണെന്ന ഉറപ്പുണ്ടായിട്ടും പത്രോസിനെ ഭയം പിടികൂടി. അവൻ കാറ്റിലേക്കും കടലിലേക്കും നോക്കി. അവന്റെ നോട്ടം കർത്താവിൽ നിന്നു തെറ്റി മാറിയപ്പോൾ അവൻ വെള്ളത്തിൽ മുങ്ങാൻ തുടങ്ങി. പത്രോസിന് പെട്ടെന്നുണ്ടായ ഒരു സംശയവും, അൽപനേരത്തേക്ക് ഉണ്ടായ അവിശ്വാസവുമാണ് നാം ഇവിടെ കാണുന്നത്.

നാമും പലപ്പോഴും പത്രോസിനെ പോലെ, നമ്മുടെ ജീവിതയാത്രയിൽ പല സന്ദർഭങ്ങളിലും പേടിച്ച് നിലവിളിക്കാറില്ലേ? കർത്താവ് കൂടെ ഉണ്ട് എന്ന് അറിയാമെങ്കിലും; കഴിഞ്ഞ കാലങ്ങളിൽ ആ കരത്തിന്റെ ശക്തി അനുഭവിച്ചറിഞ്ഞതാണെങ്കിലും കാറ്റും കോളും ആഞ്ഞടിക്കുമ്പോൾ ദൈവവിശ്വാസവും ധൈര്യവും ഉണ്ടാവേണ്ടതിന്നു പകരം പലപ്പോഴും ഭയവും സംശയവുമാണ് നമ്മെ പിടികൂടാറുള്ളത്. അപ്പോൾ, നമ്മെ നോക്കിയും കർത്താവ് ഇതേ ചോദ്യമാണ് ചോദിക്കുക. യേശു പത്രോസിനെ കൈ നീട്ടി പിടിക്കുന്നതായി നാം കാണുന്നു. നമ്മെയും ഇതു പോലെ കൈ നീട്ടി പിടിക്കാവുന്ന ദൂരത്തിൽ യേശു തമ്പുരാൻ കൂടെ ഉണ്ട്. പക്ഷെ നമുക്ക് നമ്മുടെ നോട്ടം അവനിൽ ഉറപ്പിക്കാൻ കഴിയുന്നില്ല എന്നതാണ് സത്യം. സാഹചര്യങ്ങൾ നമ്മെ ഭയപ്പെടുത്തുമ്പോൾ കൈ നീട്ടി നിൽക്കുന്ന ദൈവത്തെ നാം കാണാതെ പോകുന്നു.

ഈ ഭയത്തെയും അവിശ്വാസത്തെയും നാം വിശ്വാസം കൊണ്ട് കീഴടക്കണം, കാരണം യേശു പറയുന്നു, **"ധൈര്യപ്പെടുവിൻ ഞാൻ ആകുന്നു പേടിക്കേണ്ടാ"** **മത്തായി 14:27.** പ്രതിസന്ധികളിൽ നാം ഈ ദൈവസാന്നിധ്യം തിരിച്ചറിയണം. കർത്താവിൽ ധൈര്യപ്പെടണം. കാരണം അവൻ നമ്മെ കൈ നീട്ടി പിടിച്ച് മാറോട് ചേർക്കുന്ന ഒരു ദൈവമാണ്. വിശ്വസിച്ചാൽ നമുക്ക് അത്ഭുതങ്ങൾ കാണാൻ കഴിയും. കാറ്റ് പ്രതികൂലമാകുമ്പോൾ കടലിൽ നടക്കുന്ന, കാറ്റിനെയും കടലിനെയും ശാന്തമാക്കാൻ കഴിവുള്ളവനെ നാം മറന്നു പോകരുത്. അവനിൽ ഉള്ള വിശ്വാസം നഷ്ടപ്പെടരുത്.

ഒരു നിമിഷത്തേക്ക് വിശ്വാസം നഷ്ടപ്പെട്ട് ഭയപ്പെട്ട പത്രോസ് ദൈവത്തോട് നിലവിളിക്കുന്നതായി നാം കാണുന്നു. ഇതു പോലെ നാമും പ്രതിസന്ധികളിൽ വിശ്വാസം നഷ്ടപ്പെടുമ്പോൾ ചുറ്റുമുള്ളവരിലേക്ക് അല്ല നോക്കേണ്ടത്. പത്രോസ് തന്റെ നഷ്ടപ്പെട്ട വിശ്വാസം വീണ്ടും വീണ്ടെടുത്ത് കർത്താവിനോട് നിലവിളിച്ചതു പോലെ നാമും കർത്താവിലുള്ള വിശ്വാസം നഷ്ടമാക്കാതെ അഥവാ നഷ്ടമായി പോയാൽ അത് വീണ്ടെടുത്ത് നമ്മുടെ രക്ഷകനും നാഥനുമായ യേശു കർത്താവിനോട് അപേക്ഷിക്കാം. അതിനായി പരിശുദ്ധറൂഹാ നമ്മെ സഹായിക്കുമാറാകട്ടെ. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

**പരാമർശം:**

**യെശെയ്യാവ് 29:19**

സൗമ്യതയുള്ളവർക്കു യഹോവയിൽ സന്തോഷം വർദ്ധിക്കയും മനുഷ്യരിൽ സാധുക്കളായവർ യിസ്രായേലിന്റെ പരിശുദ്ധനിൽ ആനന്ദിക്കയും ചെയ്യും.

**സിസ്റ്റർ നീനു ബിനു ബേബി ആലപ്പുഴ 075**